മെച്ചപ്പെടുത്തുന്നതിനും കോഴ്സുകൾ പുനഃസംവിധാനം ചെയ്യുന്നതിനും തൊഴിൽ രംഗത്തുണ്ടായ മാറ്റത്തിനനുസൃതമായി പുനഃസംഘടിപ്പിക്കുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ തിരുവനന്തപുരം പി.ഇ.റ്റി.സി. പ്രിൻസിപ്പാളിനെ ചുമതലപ്പെടുത്തിയിരുന്നു. ടിയാളുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇത് പരിശോധിച്ചു വരുന്നു.

(ബി ആന്റ് സി) ഉണ്ട്. പാലക്കാട് ജില്ലയിലെ കുഴൽമന്ദത്ത് പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതിനായി 16-7-2003-ലെ സ.ഉ. (കൈ) 52/2003/പജ.പവ.വിവ. നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനം ആരംഭിക്കുന്നതിനായുള്ള തുടർ നടപടികൾ നടന്നുവരുന്നു. തൃശൂർ, പത്തനംതിട്ട എന്നീ ജില്ലകളിൽ പുതിയതായി പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനായി കൊച്ചിൻ യൂണിവേഴ്സിറ്റിയുമായി സഹകരിച്ച് ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചുവരുന്നു.

ആദിവാസികൾക്ക് കൊടുത്ത ഭൂമി അന്യാധീനപ്പെടാതിരിക്കാൻ നടപടി

*12[342]പ്രൊഫ. സാവിത്രി ലക്ഷ്മണൻ:
ശ്രീ. വർക്കല കഹാർ:
„ ബി. വിജയകുമാർ:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ആദിവാസികൾക്ക് കൊടുത്ത ഭൂമി അന്യാധീനപ്പെടാതിരിക്കാൻ എന്തെല്ലാം മുൻകരുതൽ എടുത്തിരുന്നു;

(ബി) മുൻകരുതൽ സ്വീകരിച്ചിട്ടില്ലായെങ്കിൽ അതിന്റെ കാരണം വിശദീകരിക്കുമോ;

(സി) ആദിവാസികളെ ഭീഷണിപ്പെടുത്തി അവരുടെ ഭൂമി ആരെങ്കിലും അപഹരിച്ചതായി റിപ്പോർട്ടുണ്ടോ;

(ഡി) എങ്കിൽ എത്ര ആദിവാസികളുടെ ഭൂമി അപഹരിക്കപ്പെട്ടു എന്ന് വെളിപ്പെടുത്തുമോ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ):

(എ) ആദിവാസികൾക്ക് കൊടുക്കുന്ന ഭൂമി അന്യാധീനപ്പെടാതിരിക്കാനുള്ള നിബന്ധനകൾ ഉൾപ്പെടുത്തിയാണ് ഭൂമി വിതരണം ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസക്തമല്ല.

(സി) ഇല്ല.

(ഡി) പ്രസക്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly

കല്ലാർ ഡൈവർഷനിലെ വെള്ളം ചോർത്താനുള്ള തമിഴ്നാട് പദ്ധതി

*13[343]ശ്രീ. ഡി. സുഗതൻ:
,, കെ. പി. വിശ്വനാഥൻ:
,, എം. പി. ഗംഗാധരൻ:
,, ലൂഡി ലൂയിസ്:

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലാർ ഡൈവർഷനിൽ നിന്നും ഇടുക്കി ഡാമിലേക്ക് ജലം ഒഴുകി എത്തുന്നുണ്ടോ;

(ബി) എങ്കിൽ എത്ര ജലം ഒഴുകി എത്തുന്നുണ്ട്;

(സി) ഈ ഡൈവർഷൻ ഡാമിലെ ജലം രാമയ്ക്കൽമേടിന് താഴെയുള്ള തമിഴ്നാടിന്റെ സുരുളിയാർ വഴി വൈഗായിൽ എത്തിക്കുന്നതിനുള്ള ഒരു പദ്ധതിയ്ക്ക് തമിഴ്നാട് രൂപം നൽകിയിട്ടുള്ളതായി അറിയാമോ;

(ഡി) പ്രസ്തുത പദ്ധതിയ്ക്കുവേണ്ടി സംസ്ഥാന അതിർത്തിക്കുള്ളിൽ സർവേ നടത്തുവാൻ തമിഴ്നാടിനെ അനുവദിച്ചിട്ടുണ്ടോ;

(ഇ) ഈ പദ്ധതിക്കുവേണ്ട ഒത്താശകൾ നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) ഉണ്ട്.

(ബി) വെള്ളത്തിന്റെ അളവ് തിട്ടപ്പെടുത്താനുള്ള സംവിധാനം ഇപ്പോൾ നിലവിലില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) അനുമതി നൽകിയിട്ടില്ല.

(ഇ) നൽകിയിട്ടില്ല.